
ബൈബിൾ ചിത്രകഥ

# റൂത്ത്



MAR LOUIS PUBLICATIONS

ബൈബിൾ ചിത്രകഥ -8

# റൂത്ത്

രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസി - ബെന്നി

# റൂത്ത്

എല്ലാ ജനതകൾക്കും രക്ഷ നല്കാനുള്ള പദ്ധതിയുടെ ഭാഗമായിട്ടാണ് ദൈവം അബ്രാഹത്തെ തിരഞ്ഞെടുത്തത്. സീനായ് ഉടമ്പടിയിലൂടെ ഈ പദ്ധതി കൂടുതൽ വ്യക്തമായി വെളിപ്പെടുത്തപ്പെട്ടു. ഉടമ്പടിയുടെ നിബന്ധനകൾ അനുസരിച്ച് ഈ ഭൂമിയിൽ ദൈവത്തിനു സാക്ഷികളായി ജീവിക്കുകയെന്നതായിരുന്നു അബ്രാഹത്തിന്റെ സന്തതികളായ ഇസ്രായേൽ ജനത്തിൻറെ ദൗത്യം.

അന്യജനതകളുമായുള്ള സമ്പർക്കംവഴി തങ്ങളുടെ വിശ്വാസത്തിനു കോട്ടം തട്ടിയതിനാൽ വിജാതീയരുമായി യാതൊരു ബന്ധവും പാടില്ല എന്ന നിലപാടാണ് ഇസ്രായേൽ സ്വീകരിച്ചത്. വിജാതീയരുടെ അന്ധവിശ്വാസങ്ങളിലേക്കും ദുരാചാരങ്ങളിലേക്കും വഴുതി വീഴുന്നതിനു പകരം

അവരെക്കൂടി സത്യദൈവവിശ്വാസത്തിലേക്കു കൊണ്ടുവരികയാണ് തങ്ങളുടെ ദൗത്യം എന്ന കാര്യം അവർ വിസ്മരിച്ചു. അതോടൊപ്പം രക്ഷയുടെ അവകാശികൾ തങ്ങളാണെന്ന അഹങ്കാരവും വിജാതീയരോട് അവജ്ഞയും അവരിൽ വളർന്നു. ഈ സാഹചര്യത്തിൽ ഇസ്രായേൽ ജനത്തെ തങ്ങളുടെ യഥാർത്ഥ ദൗത്യത്തെക്കുറിച്ച് ഓർമ്മിപ്പിക്കാൻ വേണ്ടി രചിക്കപ്പെട്ട ഗ്രന്ഥമാണ് "റൂത്ത്".

വിജാതീയ സ്ത്രീകളുമായുള്ള വിവാഹബന്ധമാണു വിഗ്രഹാരാധനയും അതുപോലുള്ള മറ്റു ദുരാചാരങ്ങളും ഇസ്രയേലിലേക്കു കടന്നുവരാനുണ്ടായ മുഖ്യ കാരണം. എന്നാൽ ഇപ്രകാരമൊരു ബന്ധം എപ്പോഴും അന്ധവിശ്വാസത്തിലേക്കു നയിക്കേണ്ടതില്ലെന്നും വിജാതീയരെപ്പോലും സത്യവിശ്വാസത്തിലേക്കു നയിക്കാൻ കഴിയുന്നതാണെന്നും റൂത്തിന്റെ ചരിത്രം തെളിയിക്കുന്നു.


"'അമ്മ പോകുന്നിടത്തെല്ലാം ഞാനും പോരും, അമ്മ മരിക്കുന്നിടത്തു ഞാനും മരിക്കും" എന്നു പറഞ്ഞുകൊണ്ട് അമ്മായിയമ്മയുടെ കൂടെ ഇറങ്ങിത്തിരിച്ച റൂത്ത് ത്യാഗത്തിന്റെയും നിസ്വാർത്ഥമായ സ്നേഹത്തിന്റെയും അടിപതറാത്ത വിശ്വാസത്തിന്റെയും മാതൃകയാണ്. യൗവ്വനത്തിലേ ഭർത്താവു നഷ്ടപ്പെട്ട ആ സ്ത്രീ സ്വന്തം ജനത്തിൽനിന്നു വേറൊരു ഭർത്താവിനെ സ്വീകരിച്ചു ജീവിതം ആസ്വദിക്കുന്നതിനുപകരം തനിക്ക് അന്യമായ ഒരു നാട്ടിലേക്ക് അമ്മായിയമ്മയോടൊപ്പം യാത്ര ചെയ്യാൻ തയാറായി. ഒരിസ്രായേൽക്കാരനെ ഭർത്താവായിക്കിട്ടാൻ സാധ്യതയില്ലായെന്നും ഇസ്രായേലിൽ താൻ എന്നും അന്യയും അധഃകൃതയും ആയി പരിഗണിക്കപ്പെട്ടേക്കാമെന്നും അറിഞ്ഞുകൊണ്ടാണ് അവൾ ഈ സാഹസത്തിനു മുതിർന്നത്.

ഭർത്താവിന്റെ ദൈവത്തെ തൻറെ ദൈവമായും ഭർത്താവിന്റെ ജനത്തെ തന്റെ ജനമായും സ്വീകരിച്ച അവൾ അജ്ഞാതമായ ഭാവിയിലേക്ക് അബ്രാഹത്തെപ്പോലെ നടന്നു


നീങ്ങി. അനാഥർക്കു പിതാവും വിധവകൾക്ക് സംരക്ഷകനും അഗതികൾക്ക് ആശ്രയവുമാണ് യാഹ്വെയെന്നു അവൾ ഉറച്ചു വിശ്വസിച്ചു. ഇസ്രയേൽക്കാർക്കു പോലും മാതൃകയാകത്തക്ക വിധത്തിലാണ് അവൾ ജീവിച്ചത്.


വിജാതീയ സ്ത്രീയായിരുന്നെങ്കിലും ഇസ്രയേലിന്റെ രാജാവായ ദാവീദിന്റെ മുത്തശ്ശിയാവാനും അങ്ങനെ രക്ഷകനായ ക്രിസ്തുവിന്റെ വംശാവലിയിൽ സ്ഥാനം ലഭിക്കാനും മാത്രം റൂത്ത് അനുഗൃഹീതയായി. സങ്കുചിതമായ സാമുദായിക ചിന്തയിലും "ശുദ്ധരക്ത" വാദത്തിലും വർഗ്ഗീയതയിലും ഉടക്കി കിടക്കുന്നവർക്കു റൂത്ത് ഒരു മാതൃകയും വെല്ലുവിളിയുമാണ്. വംശത്തിൻറെ മാഹാത്മ്യ മല്ല, സ്നേഹനിർഭരവും ത്യാഗപൂർണ്ണവുമായ സേവനത്തി ലൂടെ പ്രകടമാകുന്ന വിശ്വാസമാണ് ദൈവം പരിഗണിക്കുന്നത് എന്നു റൂത്തിൻറെ കഥ പഠിപ്പിക്കുന്നു.

ന്യായാധിപന്മാരുടെ ഭരണകാലത്ത് ഇസ്രയേലിൽ ഒരു ക്ഷാമം ഉണ്ടായി. അന്ന് ബേത്‌ലെഹംകാരനായ എലിമെലക്ക് എന്നൊരാൾ ഭാര്യ നവോമി, പുത്രന്മാർ മഹ്‌ലോൻ, കീലിയോൻ എന്നിവരുമൊത്ത് മൊവാബ് ദേശത്തു കുടിയേറിപ്പാർത്തു. അവിടെവച്ച് എലിമെലക്ക് മരിച്ചു. പുത്രന്മാർ ഓർഫാ, റൂത്ത് എന്നീ മൊവാബ്യ സ്ത്രീകളെ വിവാഹം ചെയ്തു. അന്നൊരു ദിവസം....





എന്താ മക്കളേ, രാവിലെ തന്നെ കൊയ്ത്തു നിറുത്തിയത്?
ഇന്നു കെമോഷ് ദേവൻറെ ഉത്സവമാണ്.
വിളവിൻറെ ആദ്യഫലം ദേവനു കാഴ്ചവയ്ക്കാൻ പോകണം.


എന്ത്! കെമോഷ് ദേവനു കാഴ്ചയോ? യാഹ്‌വെ അല്ലാതെ നമുക്കു വേറെ ദൈവമില്ല മക്കളേ.
യാഹ്‌വെ ദൈവമാണെന്നു പറഞ്ഞിട്ടെന്തുകാര്യം?
ആഹാരം തരാൻ കഴിയാത്ത ദൈവത്തെ ആർക്കു വേണം?
?



മക്കളേ, ദൈവദൂഷണം പറയരുത്.
!
യാഹ്‌വെയ്ക്കു കഴിവുണ്ടായിരുന്നെങ്കിൽ പിന്നെ എന്തിനാ നമ്മൾ നാടുവിട്ട് ഇങ്ങോട്ടു പോന്നത്?



കർത്താവായ ദൈവം നമ്മുടെ പിതാക്കന്മാർക്കുവേണ്ടി ചെയ്ത വലിയ കാര്യങ്ങളെല്ലാം നിങ്ങൾ മറന്നുപോയോ?
പിതാക്കന്മാരുടെ കഥ പറഞ്ഞിരുന്നിട്ടു നമുക്കു വിശപ്പടക്കാൻ കഴിഞ്ഞോ?
ആകട്ടെ, യാഹ്‌വേക്കൊരു പ്രതിമയുണ്ടോ, മേളക്കൊഴുപ്പുള്ള ഉത്സവമുണ്ടോ?


മക്കളേ, ദൈവത്തിനു രൂപമില്ല. കർത്താവിൻറെ ഉത്സവം ഇസ്രായേലിൽ വർഷംതോറും ആഘോഷിക്കുന്നില്ലേ?


അതെന്നാ ഉത്സവമാ. കുറേ പ്രാർത്ഥനയും പാട്ടും മാത്രം.
തർക്കിച്ചു നില്ക്കാൻ നേരമില്ല. വെയിൽ ചായുമ്പോഴേക്കും മലമുകളിലെത്തണം.
മക്കളേ, നിങ്ങൾ പോകരുത്. അതു കർത്താവിനെ ആക്ഷേപിക്കലാണ്


ഓർഫാ, റൂത്ത്, വേഗം പോയി കുളിച്ചു തയാറാകുവിൻ. ദൈവസന്നിധിയിൽ നൃത്തം ചെയ്യാനുള്ളതാണ്.
അമ്മയും ഉത്സവത്തിനു വരണം.


എന്തു പറഞ്ഞെടാ? വിഗ്രഹത്തിൻറെ മുമ്പിൽ അഴിഞ്ഞാടാൻ ഞാനും വരണമെന്നോ?
അമ്മക്കിഷ്ടമില്ലെങ്കിൽ വേണ്ട. എടീ റൂത്തേ, വാ. നമുക്കു പോകാം.
ഞാൻ വരുന്നില്ല.



അമ്മയെ തനിച്ചു വീട്ടിലിരുത്തിയിട്ടു ഞാൻ പോരുന്നതു ശരിയല്ല.
നിൻറെയൊരു ശരിയും തെറ്റും! നീയും കൂടി നൃത്തം ചെയ്താലേ നമുക്കു ദേവപ്രീതിയുണ്ടാകു.
ദേവൻറെ മുമ്പിൽ ഒഴുകുന്ന മനുഷ്യരക്തം കണ്ടാൽ എനിക്കു തലകറങ്ങും.


നിൻറെ
രോഗം ഞാൻ
മാറ്റാം.
അതെന്നു
തുടങ്ങിയ
രോഗമാ?
!?
അവൾക്കിഷ്ടമില്ലെങ്കിൽ
ഇവിടെയിരിക്കട്ടെ.
അമ്മയ്ക്ക് ഒരു കൂട്ടും
ആയല്ലോ.


കെമോഷല്ലാതൊരു ദേവനില്ല.
കെമോഷാണു ഞങ്ങടെ ആശ്രയം.
കെമോഷ് ദേവാ


## കെമോഷ് ദേവൻറെ ഉത്സവം.




അതേസമയം നവോമിയും റൂത്തും വീട്ടിൽ.
കോഴി കൂകി. എന്നിട്ടും അവർ തിരിച്ചെത്തിയില്ലല്ലോ. നമുക്കിനി ഉറങ്ങാം.
എനിക്കുറക്കം വരുന്നില്ല. ആകെ പേടിയാകുന്നു
അവർ ഉത്സവം കഴിഞ്ഞു വരും.


അമ്മയ്ക്കറിയില്ല
മലമുകളിലെ ഉത്സവം
എങ്ങനെയാണവസാനി
ക്കുന്നതെന്ന്.
അതെന്താ?



രാത്രിമുഴുവൻ അവർ മദ്യപിച്ച് അഴിഞ്ഞാടും. പുലരുമ്പോഴേക്കും ആർക്കും സുബോധമുണ്ടാവില്ല. അപ്പോളാണു ബലി.
ബലിയോ?
അതെ, നരബലി. ഒരാളെ അവർ കറ്റകൾക്കു മുകളിൽ കിടത്തി കഴുത്തറക്കും. ചിലപ്പോൾ ഒന്നിലധികം പേരെയും.



കർത്താവായ ദൈവമേ, എൻറെ മക്കളുടെ തെറ്റു ക്ഷമിക്കണേ. അവർക്ക് ഒരപകടവും വരുത്തരുതേ.


പുലർച്ചയ്ക്കു മലമുകളിൽ കെമോഷിന്റെ പുരോഹിതൻ.
അതാ, കെമോഷ് ദേവന്റെ കൊടിയടയാളം കിഴക്കുദിച്ചിരിക്കുന്നു. അരനാഴികയ്ക്കകം ദേവൻ പ്രത്യക്ഷപ്പെടും. ബലിയൊരുക്കാറായി.
ഇന്ന് ആരെയാണു ദേവൻ ബലിയായി സ്വീകരിക്കുന്നത് എന്നു പറഞ്ഞാലും.



കിശ്...കിശ്...മസ്
ക്രീം...ഇബ്രീം..ഫേ
ക്രീം...ഷിനിം..ഇ
ബ്രീം...


രണ്ട് ഇസ്രായേൽ
ക്കാരെ ബലിയർപ്പി
ക്കണം എന്നാണു
ദേവൻ പറയുന്നത്.
??



ഓർഫാ, നിനക്കെന്തു പറ്റി? എൻറെ മക്കളെവിടെ?
ഓ, അമ്മേ എല്ലാം പോയി.
??




കാര്യം തെളിച്ചുപറ. എന്തുണ്ടായി?
ഇന്ന് പുലർച്ചക്ക് അവരെ ദേവനു കുരുതി കഴിച്ചമ്മേ.
ഓ!!! എൻറെ ദൈവമേ.



ഓ,
എൻ്റെ മക്കളേ...
അമ്മേ...



ദിവസങ്ങൾക്കു ശേഷം
മക്കളേ, നമ്മൾ ഇങ്ങനെ കരഞ്ഞു കൊണ്ടിരുന്നിട്ടു കാര്യമില്ല.
കരയുകയല്ലാതെ പിന്നെ നമ്മൾ എന്തുചെയ്യും, എല്ലാം നഷ്ടപ്പെട്ട നമ്മൾ!
നമുക്കു സ്ഥലമുണ്ടല്ലോ, പണിയെടുത്തു ജീവിക്കാം.



നിങ്ങൾ ചെറുപ്പമാണ്. വീണ്ടും വിവാഹം ചെയ്ത് ഇവിടെ കഴിയണം. ഞാൻ തിരിച്ചു പോവുകയാണ്.
അമ്മ തനിയേ എങ്ങോട്ടാണു പോകുന്നത്? ഞങ്ങളുടെ കൂടെ പാർക്കണം.
ഇല്ല, ഞാൻ എൻറെ പിതാക്കന്മാരുടെ ദേശത്തേക്കു മടങ്ങിപ്പോകും. കർത്താവ് എന്നെ കാത്തുകൊള്ളും.



അമ്മ പോകുന്നിടത്തേക്കു ഞാനും പോരും.
വേണ്ടാ, നിങ്ങളുടെ ചാർച്ചക്കാർ നാളെ വരും. അവരുടെ കൂടെ പോയി പുതിയൊരു ജീവിതം തുടങ്ങുക.
?


പിറ്റേന്ന് ഓർഫ തന്റെ ബന്ധുക്കളുടെകൂടെ പോയിക്കഴിഞ്ഞപ്പോൾ
റൂത്തേ, നീയും പോയ്ക്കോള്ളൂ. എന്തിനീ കിഴവിയുടെ കൂടെ ജീവിതം പാഴാക്കുന്നു?
മനുഷ്യരെ തിന്നുന്ന ദേവന്മാരുടെ നാട്ടിൽ ഞാൻ ഇനി ജീവിക്കുന്നില്ല.
എന്റെ കൂടെ വന്നാൽ ഇസ്രായേലിൽ നീ എന്നും അന്യയായിരിക്കും.
!



ഇസ്രയേലിന്റെ ദൈവം പാവങ്ങളുടെ ദൈവമല്ലേ. അവിടുന്ന് എന്നെ കൈവിടില്ല.
മകളേ, നീ യൗവ്വനം പാഴാക്കരുത്. ഈ നാട്ടിൽ നിനക്കുപറ്റിയ ചെറുപ്പ ക്കാരുണ്ട്.
അമ്മ എന്നെ നിർബന്ധിക്കരുത്.



അമ്മ പോകുന്നിടത്തെല്ലാം ഞാനും
വരും. അമ്മയുടെ ചാർച്ചക്കാർ
എന്റെ ചാർച്ചക്കാരായിരിക്കും.
അമ്മയുടെ ദൈവമാണ് എന്റെയും
ദൈവം. അമ്മ മരിക്കുന്നിടത്തു
ഞാനും മരിക്കും.


അവർ ബേത്‌ലെഹെമിലേക്കു യാത്രയായി.
അതാ നേബോ മല. അവിടെയും ഉണ്ട് കെമോഷിൻറെ അമ്പലം.
നേബോ! ആ മലയിൽനിന്നാണു മോശ ഇസ്രായേൽദേശം നോക്കിക്കണ്ടത്. പാവം മോശ.
അതെന്താ അങ്ങനെ?



നമ്മുടെ പിതാക്കന്മാരെ ഈജിപ്തിൽ നിന്ന് ഇവിടംവരെയെത്തിച്ചിട്ടു വാഗ്ദത്തഭൂമിയിൽ കയറാൻ കഴിയാതെ മരിച്ചുപോയില്ലേ.


ഇസ്രായേലിൻറെ ചരിത്രം അമ്മ മകൾക്കു വഴിയേ പറഞ്ഞുകൊടുത്തു.





മരിച്ചവർ മടങ്ങിവരില്ല. അവരെ പേടിക്കുകയും വേണ്ട. പക്ഷെ, ചെന്നായ്ക്കൾ.......
ഈ തീ കാണുമ്പോൾ അവ അടുക്കില്ല.
ആകട്ടെ, കിടന്നുറങ്ങൂ



പിറ്റേന്ന്
ഈ ജോർദ്ദാൻ വറ്റിച്ചാണ് യാഹ്‌വേ ഇസ്രായേലിനെ കാനാനിലേക്കു കൊണ്ടുവന്നത്.
ഈ നദിയോ! തീർച്ചയായും യാഹ്‌വെ തന്നെയാ ദൈവം.



അമ്മേ, നോക്കൂ. എത്ര സമൃദ്ധമായ വിളവ്. മോവാബിലേതിനേക്കാൾ മെച്ചമാണീ വയലുകൾ.
കർത്താവു തൻറെ ജനത്തെ അനുഗ്രഹിച്ചിരിക്കുന്നു.
കെമോഷാണു സമൃദ്ധിയുടെ ദേവൻ എന്ന് പറഞ്ഞതു പച്ചക്കള്ളമല്ലേ?



ദൈവം ഒരുവനല്ലേയുള്ളു. അവനാണു പ്രകൃതിയുടെ നാഥൻ.
!


അതാ, ആ കാണുന്നതാണു ബേത്‌ലെഹം. അവിടെ മതിലിനോടു ചേർന്നാണു നമ്മുടെ വീട്.
ബേത്‌ലെഹം - അപ്പത്തിൻറെ വീട് എന്നല്ലേ അതിനർത്ഥം. നമുക്ക് ഒരിക്കലും മുട്ടുണ്ടാവില്ല.
!!


നവോമി തന്റെ വീട്ടുമുറ്റത്ത്
ഇതാര്, നവോമിയോ! നീ എത്ര മാറിപ്പോയി!
എത്ര കാലമായി നീ പോയിട്ട്. എലിമെലക്കും മക്കളും എവിടെ?
!
എന്നെ "നവോമി" എന്നല്ല "മാറാ" എന്നാണു വിളിക്കേണ്ടത്. ഈ തകർന്ന വീടുപോലെയാണ് എന്റെ ജീവിതം.


എല്ലാം തികഞ്ഞവളായി ഞാൻ ഇവിടെനിന്നും പോയി. ഒന്നും ഇല്ലാത്തവളായി കർത്താവ് എന്നെ തിരിച്ചയച്ചു. ഞാൻ നവോമി - സന്തുഷ്ട- അല്ല. മാറാ - കൈപ്പുനിറഞ്ഞവൾ - ആണ്.



എന്നാലും കർത്താവ് എന്നെ പൂർണ്ണമായി ഉപേക്ഷിച്ചിട്ടില്ല. ഒരു മകളെ തന്നു.
കർത്താവു നിങ്ങളെ അനുഗ്രഹിക്കും.


ദിവസങ്ങൾക്കു ശേഷം
അമ്മേ, എത്രനാളാണു നമ്മൾ ഇങ്ങനെ ഔദാര്യം കൊണ്ടു ജീവിക്കുന്നത്.
അയല്ക്കാർ നല്ലവരാണു മകളേ.
എന്നാലും നമ്മൾ ആർക്കും ഒരു ഭാരമാകരുത്.
?


ഹൃദയത്തിൽ ദുഃഖത്തിൻറെ ഭാരം കൊണ്ടുനടക്കുന്ന ഞാൻ എല്ലാവർക്കും ഒരു ഭാരമാ.
അമ്മ അങ്ങനെ പറയരുത്. എനിക്കധ്വാനിക്കാൻ നല്ല ആരോഗ്യമുണ്ട്.


എന്നു കരുതി കൂലിവേലക്കു പോകാനോ? ഈ അമ്മയ്ക്ക് അതു കണ്ടുനിൽക്കാൻ കരുത്തില്ല.
ഇപ്പോൾ കൊയ്ത്തുകാലമല്ലേ. ഞാൻ ഏതെങ്കിലും വയലിൽ പോയി കാലാ പെറുക്കാം.
ഒന്നുമില്ലാത്ത പാവങ്ങളാണതു ചെയ്യുന്നത്. നിൻറെ അപ്പനുണ്ടായിരുന്നെങ്കിൽ! ഓ, എലിമെലെക്.
!


നമ്മളും പാവങ്ങളല്ലേ!
എന്നാലും എൻറെ മകൾ വേറൊരാളുടെ വയലിൽ കാലാ പെറുക്കുന്നതു ഞാനെങ്ങനെ സഹിക്കും.
അതിലെന്താ ഇത്ര നാണക്കേട്? ഒന്നുമില്ലാത്ത പാവങ്ങളുടെ ദൈവമാണു യാഹ്വെ എന്നല്ലേ അമ്മ എന്നെ പഠിപ്പിച്ചത്?
!!
അതു ശരിയാ - എന്നാലും.


അമ്മ ദുഃഖിക്കരുത്. വൈകുന്നേരമാകുമ്പോഴേക്കും ഞാൻ മടങ്ങിവരാം.
നിന്നെ ഒരു പരദേശി എന്നുവിളിച്ചു മറ്റുള്ളവർ കളിയാക്കുമോ എന്നാ എനിക്കു പേടി.
കാലാ പെറുക്കാനുള്ള അവകാശം പരദേശികൾക്കും അനാഥർക്കും വിധവകൾക്കും ഉള്ളതല്ലേ?


!
അനാഥരുടെയും വിധവകളുടെയും പരിപാലകനായ കർത്താവേ, എൻറെ ഈ മകളെ അങ്ങു കാത്തുരക്ഷിക്കണമേ.


എൻറെ ദൈവമേ, എന്തൊരു ചൂട്. ദാഹിച്ചു തൊണ്ട വരണ്ടു. ആരോടാണല്പം വെള്ളം ചോദിക്കുക.... സാരമില്ല.


വയലിൻറെ ഉടമസ്ഥനായ ബോവാസ് കൊയ്ത്തു കാണാൻ വന്നു.
ആരാണാ യുവതി?
നവോമിയുടെ മരുമകളാണ്. മോവാബിൽനിന്നു വന്നതാ. ഈ വയലിൽ കാലാ പൊറുക്കിക്കോട്ടേയെന്നു ചോദിച്ചു. പാവം പരദേശി. അമ്മയും മകളും വിധവകൾ - ഞാൻ അനുവദിച്ചു.
നീ നന്നായി ചെയ്തു.


രാവിലെമുതൽ വിശ്രമമില്ലാതെ പണിയെടുക്കുകയാണ്.
!?
നവോമി എൻറെ ഒരു ബന്ധുവാണ്. കർത്താവ് അവളെ കഠിനമായി പരീക്ഷിച്ചു.


മകളേ, കാലാ പെറുക്കാൻ നീ ഇനി മറ്റൊരിടത്തും പോകണ്ട. നിന്നെ ആരും ശല്യപ്പെടുത്തുകയില്ല. എൻറെ ഭൃത്യന്മാർ കോരിവച്ചിരിക്കുന്ന വെള്ളം കുടിച്ചോളൂ.
ഒരു പരദേശിയായ എന്നോട് ഇത്ര കരുണതോന്നാൻ അങ്ങേക്കു ഞാൻ എന്തു നന്മ ചെയ്തു?



നീ ചെയ്ത നന്മകൾ എനിക്കറിയാം. നീ എല്ലാം ഉപേക്ഷി ച്ചല്ലേ അമ്മായിയമ്മ യുടെ കൂടെ പോന്നത്! വരൂ ഭക്ഷണം കഴിക്കാം.
അങ്ങയുടെ ഈ കാരുണ്യത്തിനു ഞാൻ എന്നേക്കും നന്ദിയുള്ളവളായി രിക്കും.






മോവാബിൽനിന്നു പോന്നതിൽ പിന്നെ ഇത്ര നല്ല അപ്പം ആദ്യമായിട്ടാണ് കിട്ടുന്നത്.  അമ്മയ്ക്ക് ഇതിഷ്ടമാകും.


കൊയ്ത്തുകാർ കറ്റ കെട്ടുമ്പോൾ കതിരുകൾ കുറേശ്ശേ ഊരിയിട്ടേക്കണം. അവൾ പെറുക്കി എടുത്തു കൊള്ളട്ടെ.
!




അഗതികൾക്കും
ദരിദ്രർക്കും ആഹാരം
നൽകുന്ന ദൈവമേ,
അങ്ങയുടെ കാരുണ്യം
എത്ര വിസ്മയാവഹം!


നീ എവിടെയാ മോളേ കാലാ പെറുക്കിയത്? ഇത്രയേറെ ധാന്യം നിനക്കെങ്ങനെ കിട്ടി?
ബോവാസ് എന്നൊരാ ളിൻറെ വയലിലാണു കർത്താവ് എന്നെ കൊണ്ടുചെന്നെത്തിച്ചത്.


ബോവാസോ? അത് എൻറെ അമ്മേടെ ചേടത്തീടെ മകളുടെ മകനാ. അവൻ എന്തു പറഞ്ഞു.
!!
അദ്ദേഹം കരുണയുള്ളവനാ. എനിക്ക് ഒത്തിരി അപ്പവും മലരും കുടിക്കാൻ വെള്ളവും തന്നു.



കൊയ്ത്തു തീരുന്നതുവരെ അദ്ദേഹത്തിൻറെ വയലിൽ തന്നെ കാലാ പെറുക്കാൻ അനുവാദവും തന്നിട്ടുണ്ട്.
അവൻ നല്ലവനാ. കർത്താവ് അവനെ അനുഗ്രഹിക്കും.



മോളേ, ദാ ഈ
അപ്പവും നീ
കൊണ്ടുവന്നതിൽ
നിന്നു നാലിടങ്ങഴി
ബാർലിയും നമ്മുടെ
മാഖാച്ചേടത്തിക്കു
കൊണ്ടുപോയി
കൊടുക്കണം.
ഞാൻ ഇപ്പൊത്തന്നെ
കൊണ്ടുപോയി
കൊടുക്കാം. പാവം,
അവർക്കാരുമില്ലല്ലോ.


കൊയ്ത്തു തീരുന്നതുവരെ റൂത്ത് ബോവാസിന്റെ വയലിൽ കാലാ പെറുക്കി. ഏറെ ഗോതമ്പും ബാർലിയും അവർക്കു ലഭിച്ചു.
എന്റെ മോളേ, നീ വെയിൽ കൊണ്ട് ആകെ കരുവാളിച്ചു പോയല്ലോടീ.
ഓ, അമ്മേ, നിറത്തിലെന്തു കാര്യം!
മോളേ, ഇനി കിടന്നുറങ്ങ്. നീ പകൽ മുഴുവൻ അധ്വാനിച്ചതല്ലേ.


അതു സാരമില്ല. അമ്മയുടെ അടുത്തിരുന്ന് ഉടുപ്പു തുന്നുന്നത് എനിക്കു വിശ്രമമാ. അതും മറ്റുള്ളവരെ സഹായിക്കാൻ വേണ്ടിയാകുമ്പോൾ.



കർത്താവു നമുക്കു തന്നതിന്റെ പങ്ക് നമ്മൾ ഇല്ലാത്തവർക്കു കൊടുക്കുന്നതു കർത്താവിനിഷ്ടമാ.
നമുക്കു ജീവിക്കാൻ അൽപം മതിയല്ലോ. ആ കുഞ്ഞുങ്ങളുടെ സന്തോഷം കാണുമ്പോൾ ഞാൻ എല്ലാ ക്ഷീണവും മറക്കും.


എന്താ അമ്മേ എല്ലാവരും ഇതുപോലെ ചിന്തിക്കാത്തത്? ചിലർക്ക് എത്ര കിട്ടിയാലും പോരാ.
കർത്താവിനെ അറിയാത്തതുകൊണ്ടാ. സമ്പത്താണു ദൈവമെന്നാ ചിലരുടെ വിചാരം
ദൈവഭയമില്ലാത്ത ദുഷ്ടന്മാരുമുണ്ടു മോളേ. ആ ദാനിയേൽ നമുക്കു കൂലിപ്പണി എടുത്തതാ. ഇപ്പോൾ മുതലാളി! ആകട്ടെ, നീ കിടന്നുറങ്ങ്.



ഇന്നലെ ആ ദാനിയേൽ മുതലാളി കാലാ പെറുക്കാൻ വന്ന രണ്ടു സ്ത്രീകളെ തല്ലിയോടിച്ചു. എനിക്കു സങ്കടം വന്നു.


അമ്മയും കിടക്കൂ. നാളെ മെതിക്കളത്തിൽ ഉത്സവമാ. എന്നെ പ്രത്യേകം ക്ഷണിച്ചിട്ടുണ്ട്.
നീ ആ പുതിയ ഉടുപ്പിട്ടോണ്ടു വേണം പോകാൻ. ആഭരണങ്ങളും അണിയണം.
!


പിറ്റേന്ന്
ഇത്രയും നല്ലൊരു വിളവ് എനിക്ക് ഇതുവരെ കിട്ടിയിട്ടില്ല. കർത്താവിൻറെ അനുഗ്രഹമാ.
പരദേശികൾക്കും പാവങ്ങൾക്കും കൊടുത്താൽ കർത്താവു പത്തിരട്ടി തരും



ഇത്രയും അഴകുള്ള ഇവളാണോ ഇന്നലെവരെ കാലാ പെറുക്കിയത്..

## പിറ്റേന്നു ബോവാസ് നവോമിയുടെ വീട്ടിൽ





എന്തുണ്ടു മകനേ വിശേഷങ്ങൾ? നിന്നെ ഈ കുടിലിൽ സ്വീകരിക്കാൻ എനിക്കു വിഷമമുണ്ട്.
കുടിലായാലെന്ത്, കൊട്ടാരമായാലെന്ത്? മനസ്സിൻറെ സന്തോഷമല്ലേ പ്രധാനം?


സന്തോഷം! അതീ വിധവയ്ക്കു വിധിച്ചിട്ടില്ല മോനേ. എല്ലാം നഷ്ടപ്പെട്ട എനിക്കവശേഷിച്ചിരിക്കുന്നതു പ്രായമായ ഒരു മകളാ.
അമ്മായി ദുഃഖിക്കേണ്ട. ആ മകളുടെ കാര്യം പറയാൻ വേണ്ടിയാ ഞാൻ വന്നത്.
!!


എനിക്കു റൂത്തിനെ ഇഷ്ടമാണ്. നിങ്ങൾക്കും ഇഷ്ടമാണെങ്കിൽ എനിക്കവളെ വിവാഹം ചെയ്യണം എന്നുണ്ട്.
കർത്താവ് എൻറെ പ്രാർത്ഥന കേട്ടു.


ഞങ്ങൾക്കിഷ്ടമാണ്. പക്ഷേ...
എന്താ ഇനി പക്ഷേ?


ഞങ്ങൾ പാവങ്ങളാണ്. പിന്നെ, എൻറെ ആങ്ങളയുടെ മകൻ സിക്രിയുണ്ടല്ലോ, അവനാണ് അവകാശി.
പണം എനിക്കാവശ്യത്തിനുണ്ട്. സിക്രിയുമായി ഞാൻ സംസാരിക്കാം.


പിറ്റേന്നു ബോവാസ് സിക്രിയേയും പത്തു സാക്ഷികളെയും നഗരകവാടത്തിൽ വിളിച്ചുകൂട്ടി.
എലിമെലെകിന്റെ വിധവ നവോമി തൻറെ നിലത്തിൽ ഒരു ഭാഗം വില്ക്കാൻ തീരുമാനിച്ചിരിക്കുന്നു. അതു വാങ്ങുവാൻ അവകാശപ്പെട്ടതു സിക്രിയാണ്. അത് വാങ്ങുന്നോ ഇല്ലയോ?
ഞാൻ വാങ്ങാം.


നിലം വാങ്ങുന്നതോടൊപ്പം അവളുടെ മരുമകളായ മൊവാബുകാരി റൂത്തിനെ വിവാഹം ചെയ്ത് അവളുടെ മരിച്ചുപോയ ഭർത്താവായ മഹ്ലോന്റെ നാമം നിലനിർത്തുകയും വേണം.


എന്ത്? പരദേശിയായ വിധവയെ വിവാഹം ചെയ്ത് എൻറെ മക്കളെ മറ്റൊരാളുടെ പേരിൽ വിളിക്കണമെന്നോ? .
അതാണ് ഇസ്രായേൽ നിയമം.
?


അങ്ങനെയെങ്കിൽ എനിക്കാ നിലം വേണ്ട.
എങ്കിൽ താങ്കൾ പ്രതിജ്ഞ ചെയ്യണം.


നവോമിയുടെ നിലം വാങ്ങുവാ
നുള്ള അവകാശം ഞാൻ
ഉപേക്ഷിക്കുന്നു എന്നതിന്
അടയാളമായി ഇതാ ഞാൻ
എൻറെ ചെരുപ്പ് ഊരി ബെവാ
സിനു കൊടുക്കുന്നു.
!


നവോമിയുടെയും കുടുംബത്തിന്റെയും കാര്യത്തിലുള്ള എല്ലാ അവകാശവും അടുത്ത ബന്ധുവായ ബോവാസിനുള്ളതാണെന്ന് ഇതിനാൽ ഞങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.



വിവാഹത്തിൻറെ തലേദിവസം
അയല്ക്കാർ നവോമിയുടെ വീട്ടിൽ.
മോളേ, കർത്താവു
നിന്നെ സമൃദ്ധമായി
അനുഗ്രഹിക്കട്ടെ.
റാഹേലിനേയും താമാറിനേയും
പോലെ ദൈവം നിന്നെ
വലിയവളാക്കട്ടെ.


ബോവാസ് വലിയ ധനികനാണ്. പണം കാണുമ്പോൾ ഉറവിടം മറക്കരുത്.


ചേച്ചി ഇനിയും ഞങ്ങൾക്ക് ഉടുപ്പുണ്ടാക്കിത്തരുമോ?
തരാം മോളേ.
ചേച്ചി എന്തിനാ കരയുന്നെ?


മോശയുടെയും ഇസ്രായേലിന്റെയും നിയമപ്രകാരം ഞാൻ നിന്നെ ഭാര്യയായി സ്വീകരിക്കുന്നു. മരണംവരെ ഞാൻ നിന്നോടു വിശ്വസ്തനായിരിക്കും.
!


ഇസ്രായേലിന്റെ ദൈവമായ കർത്താവു തൻറെ മുഖം നിങ്ങളുടെമേൽ പ്രകാശിപ്പിക്കട്ടെ. കർത്താവു നിങ്ങൾക്കു തരുന്ന സന്താനങ്ങളിലൂടെ ഇസ്രായേലിൽ നിങ്ങൾ പ്രസിദ്ധരാകട്ടെ.


ബോവാസിനു റൂത്തിൽ ഓബെദ്
എന്നൊരു പുത്രൻ ജനിച്ചു.
ഓബെദിന്റെ മകനായ ജെസ്സെയാണ്
ഇസ്രായേൽ രാജാവായ ദാവീദിൻറെ
പിതാവ്.

ന്യായാധിപന്മാരുടെ ഭരണം ഏകദേശം ഇരുന്നൂറു വർഷത്തേക്കു ദീർഘിച്ചു. അവരിൽ അവസാനത്തെ ആൾ രാജാക്കന്മാരെ അഭിഷേകം ചെയ്യുകയും സിംഹാസനത്തിൽനിന്നു പിടിച്ചിറക്കുകയും ചെയ്ത ശക്തനും ധീരനുമായ പ്രവാചകനായിരുന്നു.

അടുത്ത ചിത്രകഥ

# സാമുവേൽ

# ചോദ്യങ്ങൾ

1. ദൈവം ഇസ്രായേലിനെ തിരഞ്ഞെടുത്തതിൻറെ ഉദ്ദേശം എന്തായിരുന്നു?
2. ഇസ്രായേൽക്കാർ വിജാതീയരിൽനിന്ന് അകന്നു നില്ക്കാൻ കാരണമെന്ത്?
3. റൂത്തിന്റെ പുസ്തകം എഴുതപെട്ട സാഹചര്യം വിവരിക്കുക.
4. കാലാ പെറുക്കാനുള്ള അവകാശം ആരുടേതാണ്?
5. ബേത്'ലെഹമിലേക്ക് യാത്ര ചെയ്യാൻ റൂത്തിനെ പ്രേരിപ്പിച്ചതെന്ത്?
6. റൂത്തിനെ അയൽക്കാർക്കെല്ലാം സ്നേഹമായിരുന്നു. എന്തുകൊണ്ട്?
7. മാതൃഭക്തിയുടെ ഉത്തമോദാഹരണമാണ് റൂത്ത്. വിശദമാക്കുക.
8. റൂത്തിന്റെയും അബ്രാഹത്തിന്റെയും വിശ്വാസം - ഒരു താരതമ്യ പഠനം നടത്തുക.
9. രക്ഷാകര ചരിത്രത്തിൽ റൂത്തിന്റെ സ്ഥാനമെന്ത്?
10. റൂത്തിന്റെ കഥയ്ക്ക് ഇന്നെന്തു പ്രസക്തിയുണ്ട്?

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും